പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

05.02.2019-ൽ

മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :1726

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

*ഉത്തരം*

*ചോദ്യം*

ശ്രീ.വി.ടി.ബൽറാം

ഡോ.കെ.ടി.ജലീൽ

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും

വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും പഠനം പൂർത്തിയായവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും സാങ്കേതിക സർവ്വകലാശാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല പ്രവർത്തനം ആരംഭിച്ചത് മുതൽ അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാഡമിക് ഓഡിറ്റിങ് നടത്തി വരുന്നു.<br>എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടി താൽപര്യം പ്രകടിപ്പിച്ച 66 എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്വാൻസ്ഡ് സ്കിൽ ഡവലപ്പമെന്റ് സെന്റർ (Advanced Skill Development Centre – ASDC) ആരംഭിക്കുവാനും ആയതിൽ തിരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ് ഉൾപ്പെടെയുള്ള നൈപുണ്യ |

| | | | |
|---|---|---|---|
| | | | പരിശീലന കോഴ്സുകൾ നടപ്പിലാക്കുവാനും സർക്കാർ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിലൂടെ (ASAP) പദ്ധതിയിടുന്നു.<br>മാത്രമല്ല, പഠന നിലവാരം ഉയർത്തുന്നതിനായി ക്യാമ്പസുകൾക്ക് പുറത്തുനിന്നുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള അഡ്ജന്റ് ഫാക്കൽറ്റി (Adjunct Faculty) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിൽ നൈപുണ്യത്തിനു ഊന്നൽ നൽകികൊണ്ടും തൊഴിലധിഷ്ഠിത ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, വൊക്കേഷണൽ ഡിഗ്രി എന്നീ കോഴ്സുകളിൽ കൂടി തദനുസരണമായ ഡിഗ്രിയോ ഡിപ്ലോമയോ നൽകി പ്രാപ്തരാക്കാൻ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുണ്ട്.<br>കൂടാതെ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ് (internship) നൽകാനുള്ള പദ്ധതി അസാപ്പും എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും ആവിഷ്കരിച്ചുവരുന്നു. ക്യാംപസ് സെലക്ഷൻ പോലുള്ള വേദികളിൽ വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | തൊഴിൽ അവസരങ്ങൾ ലഭിക്കുന്നുണ്ട്. എ.ഐ.സി.റ്റി.ഇ യുടെ മോഡൽ കരിക്കുലം ഈ വർഷം നടപ്പിലാക്കാനും സിലബസ് കാലോചിതമായി പരിഷ്ക്കരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ബി-ടെക് ബിരുദത്തോടൊപ്പം മൈനർ ഡിഗ്രി കൂടി എടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇത് സർവ്വകലാശാലയുടെ സജീവ പരിഗണനയിലാണ്. |
| (സി) | അമേരിക്കയിലെ മാസ്സച്ചസെറ്റ്സ് ഇൻസിസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഫാബ് ലാബ് പദ്ധതി നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോളേജുകളിൽ എന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | നടപ്പിലാക്കിയിട്ടുണ്ട്. 20 കോളേജുകളിൽ യു.എസ്.എ ആസ്ഥാനമായുള്ള ഫാബ് ലാബ് ഫൗണ്ടേഷന്റെ ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | ഇതിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് കോളേജുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; | | |
| (ഇ) | പ്രശസ്ത കമ്പനികളുമായി ചേർന്ന് എഞ്ചിനിയറിംഗ് കോളേജുകളിൽ തൊഴിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ഇ) & (എഫ്) | ആവിഷ്കരിച്ചിട്ടുണ്ട്. പൂനെയിലെ മെഴ്സിഡസ് ബെൻസ് എന്ന സ്വകാര്യ സ്ഥാപനവുമായി സഹകരിച്ച് ഓട്ടോമോട്ടീവ് മെക്കാനിക്സിൽ ഒരു വർഷത്തെ ആധുനിക ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനായി ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജും മെഴ്സിഡസ് ബെൻസുമായി ധാരണാപത്രം |
| (എഫ്) | എങ്കിൽ അതിന്റെ ഫലമായി കൂടുതൽ വിദ്യാർത്ഥികൾക്ക് | | |

| | | | |
|---|---|---|---|
| | തൊഴിൽ ലഭിക്കുന്നതിന് അവസരം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ? | | ഒപ്പുവെച്ചിട്ടുണ്ട്. നാളിതുവരെ നൂറ് ശതമാനം പ്ലേസ്മെന്റോടുകൂടി വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി വരുന്നു.<br>ജർമ്മൻ കമ്പനിയായ Bosch Rexroth-മായി ചേർന്ന് സംസ്ഥാനതലത്തിൽ മാസ്റ്റർ സെന്റർ സ്ഥാപിക്കുവാനും മേഖലാ ജില്ലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. റോബോട്ടിക്സ് & ഓട്ടോമൊഷൻ പി.ജി. പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഓട്ടോമഷൻ ടെക്നോളജിയിൽ പി.ജി. പദ്ധതികൾ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. സമീപമുള്ള എഞ്ചിനീയറിംഗ് കോളേജിലെയും പോളിടെക്നിക് കോളേജുകളിലെയും ഫാക്കൽറ്റികൾക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഹ്രസ്വകാല പരിശീലനം നിലവിൽ നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ